(ബി) ഇതിനായി എത്ര തുക കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട് ; നാളിതുവരെ എന്ത് തുക ചെലവഴിച്ചു ;

(സി) ഈ പദ്ധതി നടപ്പാക്കുന്ന സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളത്തിനുപുറമേ മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ ;

(ഡി) എങ്കിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത് ;

(ഇ) കേന്ദ്രത്തിൽ നിന്ന് ഈ ഇനത്തിൽ തുക ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ; പ്രസ്തുത തുക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്കൂളുകളുടെ പേരുവിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.+

(ബി) ഇതിനായി 210.96 ലക്ഷം രൂപ കേന്ദ്രസർക്കാരിൽ നിന്നും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. അതിൽ നിന്നും 199.08 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു.

(സി&ഡി) ഈ പദ്ധതി നടപ്പാക്കുന്ന സ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് അടിസ്ഥാന ശമ്പളത്തിനുപുറമേ ഡി.എ.-യും നൽകുന്നുണ്ട്.

(ഇ) ഇല്ല.

ഏരിയാ ഇന്റൻസീവ് പദ്ധതി

3 (5134) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏരിയാ ഇന്റൻസീവ് പദ്ധതിയിൽ കേരളത്തിലെ എത്ര സ്കൂളുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് ;

(ബി) ഇവയിൽ എത്ര സ്കൂളുകളിലെ അദ്ധ്യാപകർക്കാണ് സർക്കാർ ശമ്പളം നൽകുന്നത് ;

(സി) കൊടുവള്ളി കെ.എം.ഒ. സ്കൂളിൽ അംഗീകാരം നൽകിയ കാലയളവിൽ എത്ര അദ്ധ്യാപകരാണ് ജോലി ചെയ്തിരുന്നത് ;

(ഡി) ഇവരുടെ പേരുകൾ വ്യക്തമാക്കുമോ ; ഇവർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ശമ്പളം നൽകി വരുന്നുണ്ടോ ; ഇല്ലെങ്കിൽ നൽകാതിരിക്കാൻ എന്താണ് കാരണം ; ഇത് സംബന്ധമായ എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ; എങ്കിൽ ആയതിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചത് ?

ഉത്തരം

(എ) 35 സ്ക്കൂളുകൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ 34 സ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് സർക്കാർ ശമ്പളം നൽകിവരുന്നു.

(സി) ഏഴ് അദ്ധ്യാപകർ

(ഡി) അദ്ധ്യാപകരുടെ പേരുകൾ ചുവടെ കൊടുക്കുന്നു,

1. സി. സി. ലോണ
2. ടി. കെ. അബ്ദു ഹമീദ്
3. പി. കെ. റംല
4. പി. കവിത
5. ബിന്ദു
6. കെ. ലൈല
7. എ. എം. ഫൈസൽ

ഏരിയാ ഇന്റൻസീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കൊടുവള്ളി കെ. എം.ഒ. സ്കൂളിലെ സർക്കാർ അംഗീകൃത തസ്തികകളിലുള്ള അദ്ധ്യാപകർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുവാൻ താമരശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളിലെ തസ്തിക നിർണ്ണയം ഉൾപ്പെടെയുള്ള കാര്യങ്ങൾ താമരശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലുണ്ടായിരുന്ന അവ്യക്തതമൂലമാണ് അവിടത്തെ അദ്ധ്യാപകർക്ക് ശമ്പളം യഥാസമയം ലഭിക്കാതിരുന്നത്. ശമ്പളം ലഭിക്കാത്തത് സംബന്ധിച്ച് പരാതി ലഭിച്ചിരുന്നു. പരാതിയിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ താമരശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് തസ്തിക നിർണ്ണയം സംബന്ധിച്ച അവ്യക്തത നീക്കുകയും ഏരിയാ ഇന്റൻസീവ് പദ്ധതിയിലുള്ള അദ്ധ്യാപകർക്ക് അനുവദിച്ച രീതിയിൽ ടി സ്ക്കൂളിലെ അംഗീകൃത തസ്തികയിലുള്ള അദ്ധ്യാപകർക്ക് ശമ്പളവും ആനുകൂല്യങ്ങളും നല്കുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ആർ.എം.എസ്.എ. പദ്ധതി

4 (5135) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എം.എസ്.എ. പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുവാൻ ഇതിന്റെ ചുമതല പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുമോ ;

(ബി) പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ ഡി.ഡി.ഇ/ഡി.ഇ.ഒ. തസ്തികകൾ വിദ്യാഭ്യാസ വകുപ്പിൽ കൂടുതലായി സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly